ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല.

(ബി) നിലവിൽ സ്റ്റാമ്പ് വെണ്ടർ ലൈസൻസിയായ ഒരാൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാൻ സാധിക്കുമോ എന്നറിയിക്കാമോ?

സാധിക്കുകയില്ല.

(സി) സ്റ്റാമ്പ് വെണ്ടർ ലൈസൻസുള്ള ഉടമസ്ഥന് ഇത് മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുമെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബാധകമല്ല.

കാസർഗോഡ് ജില്ലയിലെ സ്റ്റാമ്പ് വെണ്ടർമാർ

94(5253) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ആകെ 15 വെണ്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് തലത്തിൽ:- ചെങ്കള- 3, ബദിയഡുക്ക- 1, തൃക്കരിപ്പൂർ- 1, ബളാൽ-1, മഞ്ചേശ്വരം-2, ഉദുമ-1, കുമ്പള-1 മുനിസിപ്പാലിറ്റി തലത്തിൽ:- കാസർഗോഡ്-1, നീലേശ്വരം-2, കാഞ്ഞങ്ങാട്-2.

(ബി) ഏത് പഞ്ചായത്തിലെ ഏത് വെണ്ടറാണ് ഏറ്റവും കൂടുതൽ വ്യവഹാരം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കൂടുതൽ മുദ്രയും മുദ്രപ്പത്രങ്ങളും വ്യവഹാരം നടത്തുന്നത് ചെങ്കള പഞ്ചായത്തിൽ കാസറഗോഡ് സബ് ട്രഷറിയുടെ പരിധിയിലുള്ള സ്റ്റാമ്പ് വെണ്ടർ ശ്രീ. ഗോകുലനായ്ക് കെ. ആണ്.

(സി) സ്റ്റാമ്പ് വെണ്ടറിനായി അപേക്ഷിച്ച എല്ലാപേർക്കും അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി അനുമതി നൽകാൻ ബാക്കിയുള്ളവർ ആരാണെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാമ്പ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷകളൊന്നും നിലവിലില്ല; കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഹോസ്ദുർഗ്ഗ് സബ് ട്രഷറിയുടെ കീഴിൽ ഒരു സ്റ്റാമ്പ് വെണ്ടർ ഒഴിവുണ്ട്; സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

(ഡി) ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ ബാക്കിയുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

സ്റ്റാമ്പ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷകളൊന്നും നിലവിലില്ല; കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഹോസ്ദുർഗ്ഗ് സബ് ട്രഷറിയുടെ കീഴിൽ ഒരു സ്റ്റാമ്പ് വെണ്ടർ ഒഴിവുണ്ട്; സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

പുനർഗേഹം പദ്ധതി

95(5254) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ ഭൂമി വാങ്ങുന്നവർക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം പരിഗണനയിലുണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് സമയബന്ധിതമായി എന്നത്തേയ്ക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു

നിയമസഭാ കയ്യാങ്കളി കേസിന് ഖജനാവിൽനിന്ന് ചെലവഴിച്ച തുക

96(5255) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയമസഭാ കയ്യാങ്കളി കേസിൽ പ്രതിചേർക്കപ്പെട്ടവരെ വിചാരണയിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സുപ്രീം കോടതിയെവരെ സമീപിച്ച വിഷയത്തിൽ അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുക ഉൾപ്പെടെ സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ചു വ്യക്തമാക്കാമോ?